(ഇ) മെയിൽ വാർഡന്റെ തസ്തിക നിലവിലുണ്ട്. എന്നാൽ സ്ഥിരമായ ജീവനക്കാരില്ല.

(എഫ്) നിലവിൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ കൂടുതലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളായാണ് പ്രവർത്തിക്കുന്നത്.

(ജി&എച്ച്) പരിശോധിക്കുന്നതാണ്.

സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് നടപടികൾ

195(403) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) വകുപ്പിന്റെ മേൽനോട്ടത്തിൽ എല്ലാവർക്കും മണ്ണെണ്ണ കാർഡ് ലഭ്യമാക്കുന്നതിനും മണ്ണെണ്ണ വെട്ടിച്ചുരുക്കുന്ന നടപടി ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പൊതുവിതരണ സംവിധാനം വഴി, കേന്ദ്ര സർക്കാർ ഗാർഹിക ആവശ്യത്തിനു അനുവദിച്ചു നൽകുന്ന മണ്ണെണ്ണയിൽ നിന്നും പ്രതിമാസം 2532 കി.ലി. മത്സ്യബന്ധനത്തിനുവേണ്ടി പെർമിറ്റ് ഉടമകളായ മത്സ്യത്തൊഴിലാളികൾക്ക് പൊതു വിതരണ നിരക്കിൽ (ശരാശരി ലിറ്ററൊന്നിന് 12.50 രൂപ) വിതരണം ചെയ്തുവരുന്നു.

(ബി) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിലുള്ള മണ്ണെണ്ണ കോട്ട വെട്ടിക്കുറക്കുന്നതുമൂലമാണ് മണ്ണെണ്ണ വിതരണത്തിൽ പ്രതിസന്ധിയുണ്ടാകുന്നത്. നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണ കുറവില്ലാതെ ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉപരിപഠനത്തിന് വായ്പ

196(404) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് മുഖാന്തിരം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉപരിപഠനത്തിന് വായ്പ അനുവദിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) വ്യവസ്ഥകൾ കർക്കശമായതിന്റെ പേരിൽ ആർക്കെങ്കിലും ലോൺ ലഭ്യമാക്കാത്തത് സംബന്ധിച്ച് കഴിഞ്ഞ വർഷം പരാതി ലഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉപരിപഠനത്തിന് ദേശീയ പിന്നാക്ക ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി) എന്നീ ഏജൻസികളുടെ വായ്പാ മത്സ്യഫെഡ് അനുവദിച്ചു വരുന്നു.

(ബി) വായ്പാ വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ലഭിച്ചിട്ടില്ല.

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

197(405) ശ്രീ. വി.എൻ. വാസവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കമ്മീഷന്റെ ഒന്നാംഘട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് കടാശ്വാസം ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) രണ്ടാംഘട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രപേർക്ക് പ്രയോജനം ലഭിക്കും ; എത്രകോടി രൂപയുടെ ആനുകൂല്യമാണ് ലഭിക്കുന്നത് ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾക്കാണ് കടാശ്വാസം നൽകുന്നത് ;

(ഇ) ദേശസാൽകൃത ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ കാർഷിക കടാശ്വാസ മാതൃകയിൽ എഴുതിത്തള്ളുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ അനുകൂല മറുപടി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ കടങ്ങളുമായി ബന്ധപ്പെട്ട് ആശ്വാസ നടപടികൾ ശിപാർശ ചെയ്യുന്നതിനായി 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാർ രൂപീകരിക്കുകയും കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടാശ്വാസ ഇനത്തിൽ ആകെ 380 കോടിയോളം രൂപ അനുവദിക്കാൻ ഇതിനകം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) കമ്മീഷന്റെ ഒന്നാംഘട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 58246 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം ലഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly